പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1142 05.03.2020 ലെ മറുപടിയ്ക്ക്

## പ്രവേശന പരീക്ഷകൾക്ക് ലഭ്യമാക്കേണ്ട സർട്ടിഫിക്കറ്റുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | വിവിധ പ്രവേശന പരീക്ഷകൾക്ക് അപേക്ഷയോടൊപ്പം റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് ഒഴിവാക്കുന്നതിനും, അത്തരം സർട്ടിഫിക്കറ്റുകൾ പ്രവേശനം ലഭിച്ചവരിൽ നിന്നു മാത്രം വ്യത്യസ്ത സമയങ്ങളിൽ ആവശ്യപ്പെടുകയും ചെയ്യുന്ന തരത്തിൽ പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (എ) | എൻട്രൻസ് പരീക്ഷകൾക്ക് സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയം 19.11.2019 തീയതിയിൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ വിശദമായി ചർച്ചചെയ്യുകയും ഇക്കാര്യത്തിൽ നിലവിലെ സ്ഥിതി പര്യാപ്തമാകയാൽ തൽസ്ഥിതി തുടരുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ 27.01.2020 ലെ സ.ഉ (സാധാ) നം.150/2020/ഉവിവ ഉത്തരവ് പ്രകാരം KEAM 2020 പരീക്ഷയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ വിവിധ സാക്ഷ്യപത്രങ്ങൾ അപേക്ഷയോടൊപ്പം ഹാജരാക്കുന്നതിന് 2020 ജനുവരി മുതൽ തന്നെ ബന്ധപ്പെട്ട അധികാരികൾ മുൻപാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകി ഉത്തരവായിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ